ആലപ്പുഴ ജില്ലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം

112 (117) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപരിപാലന നിയമപ്രകാരം കടൽ-കായൽ തീരമേഖലയിൽ താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടുകൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൻ പ്രകാരം ആലപ്പുഴ ജില്ലയിൽ വീടുകൾ നഷ്ടപ്പെടുന്ന എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ട് ; വിശദവിവരം ലഭ്യമാക്കുമോ; ഇത്തരം കുടുംബങ്ങളെ അവരുടെ തൊഴിലിനെ ബാധിക്കാത്തവിധം പുനരധിവസിപ്പിക്കുവാൻ സർക്കാർ കണ്ടെത്തിയിരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് പറയാമോ?

ഉത്തരം

(എ) 2011-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം CRZ-III-യിൽ വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്ത് 200 മീറ്റർ വരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്. എന്നാൽ മത്സ്യത്തൊഴിലാളി സമൂഹത്തിന് വേലിയേറ്റ മേഖലയിൽനിന്നും 100 മീറ്റർ മുതൽ 200 മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ/പുനർ നിർമ്മിതിയോ ചെയ്യുവാൻ തീരദേശ പരിപാല വിജ്ഞാപന പ്രകാരം അനുമതിയുണ്ട്. കായലോര മേഖലയിൽ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയുടെ പകുതിയോ ഏതാണോ കുറഞ്ഞ ദൂരം അതുവരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്. ഇവിടെ മത്സ്യത്തൊഴിലാളികൾക്ക് നിലവിലുള്ള ഭവനങ്ങളുടെ പുനർ നിർമ്മാണത്തിന് അനുമതി ഇല്ല. 50 മീറ്റർ കഴിഞ്ഞുള്ള പ്രദേശത്തിന് പഞ്ചായത്തിന്റെ അനുമതിയോടുകൂടി പുതിയ ഭവനങ്ങൾ നിർമ്മിക്കാവുന്നതാണ്. തീരദേശ പരിപാലന നിയമം കേന്ദ്രസർക്കാർ വിജ്ഞാപനമാണ്. ഇതിന് വിരുദ്ധമായി ഒരു നിയമ നിർമ്മാണം നടത്തുവാൻ സംസ്ഥാന സർക്കാരിന് കഴിയില്ല.

പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കം തീരദേശവാസികൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ 2011-ലെ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

(ബി) തീരദേശ പരിപാലന നിയമപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നഷ്ടപ്പെട്ടതായ പരാതികൾ ഒന്നുംതന്നെ ആലപ്പുഴ ജില്ലയിൽനിന്നും ഫിഷറീസ് വകുപ്പിന് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly